# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ. എഡി.എ1-2-25/2017 തീയതി, 27.12.2017

## പരിപത്രം

വിഷയം:- ഓഖി ചുഴലിക്കാറ്റ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും സംഭാവന നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. കേരള സർക്കാരിന്റെ പരിപത്രം നമ്പർ സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി 14.12.2017.
2. സർവ്വകലാശാലയുടെ 15.12.2017-ലെ ഇതേ നമ്പർപരിപത്രം
3. സർവ്വകലാശാലയുടെ 20.12.2017-ലെ ഇതേ നമ്പർപരിപത്രം
4. കേരള സർക്കാരിന്റെ പരിപത്രം നമ്പർ സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി 21.12.2017.

-----

ഓഖി ചുഴലിക്കാറ്റിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിത ബാധിതർക്കും ആശ്വാസമാകത്തക്കവിധം സഹായം ലഭ്യമാക്കുന്നതിലേക്കായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി, അവരുടെ സമ്മതപത്രത്തിന് വിധേയമായി, നൽകുന്നതിനായി സൂചന (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ലെ പരിപത്രം സർവ്വകലാശാല പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് ജീവനക്കാർക്ക് ഇഷ്ടമുള്ള തുക സംഭാവന നൽകുന്നതിനായി സൂചന (3) ലെ പരിപത്രം സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ സർവ്വീസ് സംഘടനകളുടെ അഭിപ്രായം മാനിച്ച് രണ്ട് ദിവസത്തെ ശമ്പളം എന്നത് ജീവനക്കാരുടെ രണ്ട് ദിവസത്തെയോ, അവർ തീരുമാനിക്കുന്ന രീതിയിൽ നിശ്ചിത ദിവസങ്ങളിലെ ശമ്പളമോ അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള തുകയോ സംഭാവനയായി നൽകാവുന്നതാണെന്നും, ടി വിഷയത്തിൽ സമ്മതപത്രം നൽകാത്ത ജീവനക്കാർക്ക് രണ്ട് ദിവസത്തെ ശമ്പളം സംഭാവനയായി നൽകാൻ സമ്മതമാണെന്ന അനുമാനത്തിൽ കുറവു വരുത്തുന്നതാണെന്നും, ഓഖി ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന എല്ലാ തുകയ്ക്കും ഇൻകം ടാക്സ് ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണെന്നും സൂചന (4) പ്രകാരം കേരള സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ സൂചന (4) ലെ സർക്കാർ പരിപത്രം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, സെക്ഷൻ 3.10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

BNR)

രാധാകൃഷ്ണപിള്ള ബി
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്